# ഷീജ, ഹസ്ന





**കഴിഞ്ഞ** ഡിസംബർ ഒമ്പതിന് സുഊദി അറേബ്യയിലെ ബുറൈദയിൽനിന്ന് നാട്ടിലേക്കുള്ള യാത്രക്കിടെ വാഹനാപകടത്തിൽ മരണപ്പെട്ട കൊല്ലം ജില്ലയിലെ കൊച്ചുകലുങ്ക് സ്വദേശി 'തനിമ'യിൽ അസ്‌ലം കൊച്ചുകലുങ്കിന്റെ (*ഗൾഫ് മാധ്യമം* ബുറൈദ ലേഖകൻ) ഭാര്യ ഷീജയും മകൾ ഹസ്നയും കെ.ഐ.ജിയുടെ സജീവ പ്രവർത്തകരായിരുന്നു. ഷീജ ബുറൈദയിലെ കെ.ഐ.ജി വനിതാ യൂനിറ്റ് പ്രസിഡന്റും ഹസ്ന മലർവാടി ബാലസംഘം പ്രവർത്തകയുമായിരുന്നു. 2003 മുതൽ സുഊദിയിലുള്ള ഷീജ കുറഞ്ഞ കാലംകൊണ്ടാണ് ഇസ്‌ലാമിക പ്രസ്ഥാനത്തെ പഠിച്ചറിഞ്ഞത്. ഏതാനും വർഷങ്ങളായി പ്രസ്ഥാനത്തിൽ സജീവ പങ്കാളിയായിരിക്കെയാണ് അവർ മകളോടൊപ്പം അല്ലാഹുവിലേക്ക് യാത്രയായത്. ഖുർആൻ പഠനത്തിന് എപ്പോഴും താൽപര്യം കാണിച്ചിരുന്ന അവർ ഖുർആൻ ക്ലാസുകളിലും മറ്റ് പഠനവേദികളിലും പങ്കെടുത്താണ് പ്രസ്ഥാനത്തെ മനസ്സിലാക്കിയത്. ഇസ്‌ലാമിക കാഴ്ചപ്പാടോടെ ജീവിതം ചിട്ടപ്പെടുത്തിയ അവർ എല്ലാ പ്രാസ്ഥാനിക പരിപാടികളിലും സജീവ പങ്കാളിയായി.

ഹൃദ്യമായ പെരുമാറ്റത്തിലൂടെ എല്ലാവർക്കും സ്നേഹം പകർന്ന ഷീജ ബുറൈദയിലെയും റിയാദിലെയും വിവിധ കുടുംബങ്ങളുമായി ഊഷ്മള ബന്ധമാണ് കാത്തുസൂക്ഷിച്ചത്. ബുറൈദയി

ലെത്തുന്ന പ്രസ്ഥാന പ്രവർത്തകരെയും നേതാക്കളെയും സൽക്കരിക്കുന്നതിൽ ഷീജയും കുടുംബവും ഏറെ താൽപര്യം കാണിച്ചു. അവരുടെ വീട് കേന്ദ്രീകരിച്ച് ബുറൈദയിലെ കെ. ഐ.ജിയുടെ പല പരിപാടികളും നടന്നിരുന്നു. പ്രാസ്ഥാനിക-കുടുംബ ജീവിത രംഗത്ത് സഹധർമിണി സ്വീകരിച്ച മാതൃകാപരമായ ഇത്തരം സമീപനമാണ് വൻദുരന്തത്തിന്റെ സമയത്തും ഭർത്താവ് അസ്‌ലമിന് മനക്കരുത്തും ആശ്വാസവും നൽകിയത്. ദുരന്തസമയത്ത് ആശ്വസിപ്പിക്കാനെത്തിയ പലരോടും അസ്‌ലം തികഞ്ഞ ആത്മവിശ്വാസത്തിലാണ് പ്രതികരിച്ചത്. സഹധർമിണിയുടെയും മകളുടെയും പരലോക ജീവിതത്തെക്കുറിച്ച ഈ ഉറപ്പ് ബന്ധുക്കൾക്കെന്നപോലെ സഹപ്രവർത്തകർക്കും വല്ലാത്തൊരു താങ്ങായി. ഇളയ മകൾ ഹസ്നയെ ദുരന്തം തട്ടിയെടുത്തപ്പോൾ മൂത്ത മകൾ തസ്നി പിതാവിനൊപ്പം തലനാരിഴക്കാണ് രക്ഷപ്പെട്ടത്. പരേതരെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി സ്വർഗത്തിൽ പ്രവേശിപ്പിക്കുമാറാകട്ടെ!

**നഷീദ അബ്ദുല്ല റിയാദ്**